## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5851 — 25.05. 2017 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ മസ്ദൂർ നിയമനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ മസ്ദൂർ തസ്തികയിൽ നിയമനത്തിനായി അഡ്വൈസ് മെമ്മോ അയച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും ഇതുവരെ നിയമന ഉത്തരവ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ 28 ഒഴിവുകൾ 28.12.2016 ന് റിപ്പോർട്ട് ചെയ്തതിൻ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 28 പേരുടെ അഡ്വൈസ് ലിസ്റ്റ് നൽകുകയുണ്ടായി. എന്നാൽ ഒഴിവുകളുടെ അഭാവത്തിൽ ഒരാളിന് മാത്രമാണ് നിയമന ഉത്തരവ് നൽകാൻ സാധിച്ചത്.<br>പ്രൊമോഷനുകൾ, റിട്ടയർമെന്റ് എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ബാക്കി നിയമനം നൽകുവാനുള്ളവർക്ക് ഈ വർഷം തന്നെ നിയമനം നൽകാൻ ശ്രമിക്കുന്നതാണ്. |
| (ബി) എങ്കിൽ എത്ര പേർക്ക് നിയമന ഉത്തരവ് നൽകാനുണ്ട്; | (ബി) 27 |
| (സി) അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) സ്വീകരിച്ചു വരുന്നു |

Sd/-

സെക്ഷൻ ഓഫീസർ